**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** **06-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ ലാഭ നഷ്ടക്കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ ബജറ്റ് എസ്റ്റിമേറ്റ് അടക്കമുള്ള രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 495 കോടിയോളം രൂപ ലാഭമുണ്ടാകും എന്നിരിക്കെ നിരക്ക് വർധനവിന് വേണ്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച ആനുവൽ റെക്കറിംഗ് റവന്യൂവിൽ 2852 കോടി രൂപ നഷ്ടമുണ്ടാകും എന്ന് സൂചിപ്പിച്ചിരുന്നോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.എൽ-ന്റെ 2022-23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 496.20 കോടി രൂപയുടെ ലാഭം പ്രതീക്ഷിച്ചിരുന്നുവെങ്കിലും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ പെറ്റീഷനിൽ 2852 കോടി രൂപയുടെ നഷ്ടം (റവന്യൂ ഗ്യാപ്പ്) എന്ന് സൂചിപ്പിച്ചിരുന്നതിന്റെ കാരണം ചേർക്കുന്നു:-<br><br>വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളും ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷനു മുൻപാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ) ആയതിനാൽ മുൻവർഷങ്ങളിലെ പോലെ 2022-23-ലെ ബഡ്ജറ്റും റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആറും തമ്മിൽ വ്യത്യാസമുണ്ട്.<br><br>ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ, എ.ആർ.ആർ കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധികതുക മുതലായവ കാണിക്കുന്നില്ല.<br><br>വൈദ്യുതി നിയമം 2003 -ലെ 61- ാം വകുപ്പ് പ്രകാരം, കേരളാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021- ലെ വ്യവസ്ഥകൾ പ്രകാരം, 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി |

| | | | |
|---|---|---|---|
| | | | കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ., സമർപ്പിച്ച ARR & ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022-23-ൽ 496.20 കോടി രൂപയുടെ ലാഭം ഉണ്ടാവും എന്ന നിലയിലാണ്, കെ.എസ്.ഇ.ബി.-യുടെ ബഡ്ജറ്റ് മാനുവൽ അനുസരിച്ച്, 2022–23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണ ഫലമായി കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്. ARR & ERC പെറ്റീഷൻ പ്രകാരമുള്ള റവന്യൂ ഗ്യാപ്പ് നിർണ്ണയിക്കുന്നത് റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങളിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രതീക്ഷിത വരവു ചെലവു കണക്കുകളുടെ അടിസ്ഥാനത്തിലാണ്.<br><br>വ്യത്യസ്ത ആവശ്യങ്ങൾക്കായി, വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും, വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പ്രകാരവും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ആണ് ബഡ്ജറ്റും എ.ആർ.ആർ പെറ്റീഷനും. ഇങ്ങനെ വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കുകൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായേക്കാമെന്നതിനാൽ, പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭ-നഷ്ട കണക്കിലും വ്യത്യാസമുണ്ടാകുമെങ്കിലും ഇവ പൊരുത്തക്കേടുള്ളതായി ഗണിക്കുവാൻ കഴിയുകയില്ല. |
| (ബി) | നിലവിൽ കെ.എസ്.ഇ.ബി. ലാഭത്തിലാണോ, നഷ്ടത്തിലാണോ എന്നതിന്റെ വിശദാംശം നൽകുമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് 736.27 കോടി രൂപ ലാഭത്തിലാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ രണ്ട ത്രൈമാസിക കണക്കുപ്രകാരം (താത്കാലികം) 230.70 കോടി രൂപ ലാഭത്തിലാണ്. 2022-23 സാമ്പത്തിക വർഷം ലാഭമാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ